ഭരണഭാഷ – മാതൃഭാഷ

# വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം

മൂന്നാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695033
ഫോൺ: 0471-2302722, ഇ-മെയിൽ : industriesdirectorate@gmail.com

നം:DIC/4144/2024-ED1 തീയതി: 23-11-2024

## കാരണം കാണിയ്ക്കൽ നോട്ടീസ്

ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിലെ ക്ലാർക്കായ ശ്രീ.അനുമുദ്ദീൻ പി.എം എന്ന താങ്കൾ 04/05/2007 മുതൽ കെ.എസ്.ആർ ഭാഗം I Appendix XII-A പ്രകാരം തുടർച്ചയായി ശൂന്യവേതനാവധിയിലാണ്. 5 വർഷം വീതം 2 തവണ താങ്കൾക്ക് അവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. 03.05.2022 ൽ താങ്കൾക്ക് അനുവദിച്ചിരിന്ന ശൂന്യവേതനാവധിയുടെ കാലാവധി അവസാനിക്കുകയും തുടർന്ന് അടിയന്തിരമായി ഓഫീസിൽ ഹാജരാകണമെന്നും അല്ലാത്ത പക്ഷം കെ.എസ്.ആർ ഭാഗം I, Appendix XII-A - റൂൾ 9 / Appendix XII-C - റൂൾ 10 പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് കാണിച്ച് ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്ന് താങ്കളെ അറിയിച്ചിരുന്നതാണ്. എന്നിട്ടും താങ്കൾ അനധികൃത ഹാജരില്ലായ്മ തുടർന്നതിനാൽ 06.09.2024 തീയതിയിൽ താങ്കൾക്ക് ഈ ഓഫീസിൽ നിന്ന് ചാർജ്ജ് മെമ്മോ നൽകിയിരിന്നു. ആയത് താങ്കൾ കൈപറ്റിയിട്ടുണ്ടെങ്കിലും യാതൊരു മറുപടിയും നൽകിയിട്ടില്ല.

താങ്കളുടെ അനധികൃത ഹാജരില്ലായ്മയിന്മേൽ Kerala Civil Service (Classification, Control & Appeal ) Rule 15 പ്രകാരം ഒരു ഔപചാരിക അന്വേഷണം നടത്തുന്നതിന് ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിലെ മാനേജർ ശ്രീ.സാഹിൽ മുഹമ്മദിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുകയും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അന്വേഷണവുമായി താങ്കൾ സഹകരിച്ചിട്ടില്ലെന്നും നിലവിൽ കുവൈറ്റിൽ ജോലി ചെയ്യുന്ന താങ്കൾ നാട്ടിലേയ്ക്ക് മടങ്ങി വരാൻ ഉദ്ദേശിക്കുന്നില്ലെന്നും സർക്കാർ സേവനത്തിൽ തിരികെ പ്രവേശിക്കുന്നതിനുള്ള സാധ്യത വിരളമാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു .

മേൽ സാഹചര്യത്തിൽ താങ്കളെ 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും ചട്ടങ്ങൾ, ചട്ടം 11(1) (vii) പ്രകാരം സർവ്വീസിൽ നിന്ന് നീക്കം ചെയ്യുവാൻ താല്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.താങ്കൾക്കെതിരെ മേൽ ശിക്ഷണ നടപടി സ്വീകരിക്കാതിരിക്കുവാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് രേഖാമൂലം

ബോധിപ്പിക്കുവാൻ ആവശ്യപ്പെടുന്നു . താങ്കൾക്ക് പ്രതിവാദ പത്രിക സമർപ്പിക്കുവാൻ ഈ നോട്ടീസ് ലഭിക്കുന്ന തീയതി മുതൽ 15 ദിവസം അനുവദിക്കുന്നു. പ്രസ്തുത കാലാവധിക്കകം യാതൊരു മറുപടിയും ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു പ്രതിവാദവും ഇല്ലെന്നുള്ള അനുമാനത്തിൽ ഈ താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണ്.

ANIE JULA THOMAS I A S
DIRECTOR
വ്യവസായ വാണിജ്യ ഡയറക്ടർ

സ്വീകർത്താവ്:- ശ്രീ.അനുമുദ്ദീൻ പി.എം, ക്ലാർക്ക്(നിയന്ത്രണാധികാരി മുഖേന)

ഭരണഭാഷ – മാതൃഭാഷ

# വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം

മൂന്നാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695033
ഫോൺ: 0471-2302722, ഇ-മെയിൽ : industriesdirectorate@gmail.com

നം:DIC/4144/2024-ED1 തീയതി: 04-02-2025

**<u>അനുബന്ധം - എച്ച്4</u>**

ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന അനുമുദ്ദീൻ പി.എം. എന്ന താങ്കളെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ കൺട്രോൾ & അപ്പീൽ ) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചു കൊണ്ടുള്ള 23.11.2024 തീയതിയിലെ DIC/4144/2024-ED1 നമ്പർ കാരണം കാണിക്കൽ നോട്ടീസ് താങ്ങളുടെ ഏറ്റവും ഒടുവിൽ അറിയാവുന്ന മേൽവിലാസത്തിൽ അയച്ചിരുന്നു.എന്നാൽ താങ്കളിൽ നിന്ന് യാതൊരു പ്രതികരണവും ലഭിച്ചിരുന്നില്ല.അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കാനില്ലായെന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണത്തിന്റെ /കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്കു മുൻപ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ഇ.ഡി സെക്ഷനിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകികൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്ക് വാങ്ങാവുന്നതാണ്.

MIR MOHAMMED ALI I A S
DIRECTOR
വ്യവസായ വാണിജ്യ ഡയറക്ടർ

പകർപ്പ്:-

1) ശ്രീ. അനുമുദ്ദീൻ പി.എം., പടമാവുടിയൽ വീട്
പല്ലാരിമംഗലം പി.ഒ, മാവുടി.

2) ജനറൽ മാനേജർ
ജില്ലാവ്യവസായകേന്ദ്രം , ഇടുക്കി.